I/25568/2023

**11/07/2023-ൽ 11.00AM-ന് ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗ മിനിറ്റ്സ്**

11.00AM-ന് യോഗം ആരംഭിച്ചു. ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

30 KL-ന് മുകളിൽ ഉപഭോഗമുള്ള ഗാർഹിക കണക്ഷനുകൾ 50 KL-ന് മുകളിൽ ഉപഭോഗമുള്ള ഗാർഹികേതര കണക്ഷനുകൾ ഇവയിൽ 01/01/2023 മുതൽ വാട്ടർ ചാർജ് അടയ്ക്കാതെ കുടിശ്ശികയുള്ള കണക്ഷനുകളുടെ എണ്ണത്തിന്റെ ഡിവിഷൻ തലത്തിലുള്ള പട്ടിക ആർ.എം.സി അവതരിപ്പിച്ചു. ടി കണക്ഷനുകളുടെ എണ്ണം കഴിഞ്ഞ മൂന്നു മാസത്തെ വിച്ഛേദിച്ച കണക്ഷനുകളുടെ എണ്ണവുമായി താരതമ്യം ചെയ്യുകയും, വിച്ഛേദിച്ച കണക്ഷനുകളുടെ എണ്ണം കുറവായതിനുള്ള കാരണം ഓരോ ഡിവിഷനുകളോടുമായി ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടർ വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു.

പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മാസത്തിൽ പൂർത്തിയാക്കേണ്ട ഡിസ്കണഷനുകളുടെ എണ്ണത്തിന്റെ ടാർഗറ്റ് ഡിവിഷൻ തലത്തിൽ നിജപ്പെടുത്തി നൽകുവാൻ അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി-യെ ചുമതലപ്പെടുത്തി. എല്ലാ സെക്ഷനുകളിലും കുടിശ്ശികയുള്ള കണക്ഷനുകളിൽ പ്രതിമാസം ഏറ്റവും കുറഞ്ഞത് 100 ഡിസ്കണക്ഷനുകളെങ്കിലും ചെയ്തിരിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടർ കർശനമായി നിർദേശം നൽകി. ഡിവിഷൻ തിരിച്ചുള്ള ഡിസ്കണക്ഷൻ ടാർഗറ്റ് അനുബന്ധമായി ചേർക്കുന്നു.

<u>പ്രധാനപ്പെട്ട യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.</u>

- ഡിവിഷൻ തലത്തിൽ നിജപ്പെടുത്തി നൽകിയിട്ടുള്ള ടാർഗറ്റ് അനുസരിച്ചുള്ളത്രയും എണ്ണം ഡിസ്കണക്ഷൻ ഇന്ന് മുതൽ ഒരു മാസത്തിനുള്ളിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്.
- ആറുമാസത്തിനു മുകളിൽ കുടിശ്ശികയുള്ള മുഴുവൻ ഇൻഡസ്ട്രിയൽ കണക്ഷനുകളും 31/07/2023-നുള്ളിൽ തന്നെ ഡിസ്കണക്ഷൻ ചെയ്യേണ്ടതാണ്.
- റവന്യൂ ആവശ്യങ്ങൾക്കായി വാഹന അസൗകര്യം അറിയിച്ചിട്ടുള്ള ഡിവിഷനുകൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ, ഡിസ്കണക്ഷൻ ആവശ്യങ്ങൾക്കായി വാഹനങ്ങൾ ഡിവിഷൻ തലത്തിൽ വാടകയ്ക്ക് എടുക്കാവുന്നതാണ്.
- മീറ്റർ റീഡിങ് പോസ്റ്റിങ്ങ് എല്ലാ ഡിവിഷനുകളും അതാത് മാസം അവസാന തീയതിയിൽ ചെയ്യുന്ന പക്ഷം പ്രശ്നങ്ങൾ പരിഹരിച്ച് തൊട്ടടുത്ത മാസം അഞ്ചാം തീയതിക്കുള്ളിൽ ഡിസിബി ജനറേറ്റ് ചെയ്യാൻ കഴിയുന്നതാണെന്ന് ഡി.ബി.എ അറിയിച്ചു. ആയതിനാൽ എല്ലാ ഡിവിഷനുകളും 25-ആം തീയതിക്കു ശേഷം എടുക്കുന്ന റീഡിങ്ങുകൾ അതാത് മാസം തന്നെ പോസ്റ്റ് ചെയ്യേണ്ടതാണ്. റീഡിങ് പോസ്റ്റ് ചെയ്യുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുള്ളവർ ഉടൻ തന്നെ ഡി.ബി.എ-യെ അറിയിക്കേണ്ടതാണ്.
- റവന്യൂ ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടും ഇതുവരെയും ജോലിയിൽ പ്രവേശിക്കാത്ത റവന്യൂ ഓഫീസർമാർ അടിയന്തരമായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
- നിലവിൽ കേരള വാട്ടർ അതോറിറ്റിയിൽ ബിപിഎൽ വിഭാഗത്തിൽ 6 ലക്ഷത്തോളം ഉപഭോക്താക്കൾ ഉണ്ട്. ഇവരുടെ സബ്സിഡി തുക പ്രതിമാസം 11 കോടിയോളം രൂപ ഉണ്ടാകും എന്നതിനാൽ ഈ തുക റീ-ഇമ്പേഴ്സ് ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിൽപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഫിനാൻസ് മാനേജർ

& ചീഫ് അക്കൗണ്ട്സ് ഓഫീസർ നേരത്തേ തന്നെ നിർദ്ദേശം നൽകിയതായി യോഗത്തെ അറിയിച്ചു. ബി.പി.എൽ ഡിമാൻഡ് കുറവ് വരുത്തുന്നത് ഇത് വരെ ഇ-അബാക്കസിൽ നടപ്പിലാക്കിയിട്ടില്ല.

- മാർച്ച് സോഫ്റ്റ് വെയറിൽ പെർമനന്റ് ഡിസ്കണക്ഷൻ എന്ന ഓപ്ഷൻ ഉൾപ്പെടുത്തി നൽകുന്നതിന് വേണ്ട നടപടികൾ ഡി.ബി.എ സ്വീകരിക്കേണ്ടതാണ് എന്ന് എം ഡി നിർദ്ദേശിച്ചു. വർക്ക് നൽകുന്നതിനായി ഫിറ്റർ, പ്ലംബർ ഒപ്റേൻസ് ഉപയോഗിക്കാവുന്നതാണെന്നു ഡി.ബി.എ അറിയിച്ചു.
- സ്പെഷ്യൽ കണക്ഷന് വേണ്ടി അപേക്ഷ നൽകുന്ന ഉപഭോക്താക്കൾക്ക് ബിൽഡിംഗ് പെർമിറ്റ്, ആധാർ കാർഡ് എന്നിവ മാത്രം രേഖകളായി സ്വീകരിച്ചുകൊണ്ട് കണക്ഷൻ നൽകേണ്ടതാണ്.
- മീറ്റർ റീപ്ലേസ്മെന്റിനു വേണ്ടിയുള്ള കൺസ്യൂമർ സർവീസ് ഇ ടാപ്പിലും ഇ അബാക്കസിലും ലഭ്യമാക്കാൻ വേണ്ട നടപടികൾ ഡി.ബി.എ സ്വീകരിക്കേണ്ടതാണ്.
- ഇ ടാപ്പിൽ സർവീസ് പെൻഡിങ് വിവരങ്ങൾ വ്യൂ ചെയ്യുന്നതിനുള്ള ഓപ്ഷൻ മാനേജിങ് ഡയറക്ടർ, ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി, റെവന്യൂ ഓഫീസർ എന്നിവർക്ക് കൂടി നൽകുന്നതിന് വേണ്ട നടപടികൾ ഡി.ബി.എ സ്വീകരിക്കേണ്ടതാണ്.
- വിച്ഛേദന നടപടികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് എല്ലാ ഡിവിഷനുകളും നിശ്ചിത ടാർഗറ്റ് പൂർത്തിയാക്കി റവന്യൂ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.
- ഡിസ്കണക്ഷനുകളുടെ എണ്ണം നിശ്ചിത ടാർജറ്റ് പൂർത്തിയാക്കാത്ത ഡിവിഷനുകൾക്കായി പ്രത്യേകം അവലോകനയോഗം നടത്തുന്നതായിരിക്കും.
- ആംനെസ്റ്റി പദ്ധതിയിൽ തവണകൾ അനുവദിച്ചു നൽകിയ പരാതികളിൽ ബാക്കിയുള്ള പിരിച്ചെടുക്കേണ്ട തുക എത്രയും പെട്ടെന്ന് പിരിച്ചെടുക്കുന്നതിന് എല്ലാ റവന്യൂ ഓഫീസർമാരും നടപടികൾ സ്വീകരിക്കേണ്ടതും പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ ഗൂഗിൾ ഷീറ്റിൽ ഒരു മാസത്തിനുള്ളിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.
- ആംനെസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി കുടിശ്ശിക തീർപ്പാക്കിയ കണക്ഷനുകളിൽ, തവണകൾ അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കേണ്ടതാണ്.

**12.15 PM** -നു യോഗം അവസാനിച്ചു.

Signed by
Bhandari Swagat Ranveerchan
Date: 13-07-2023 15:08:26